**കേരള സർക്കാർ**
**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**

---

**പത്രക്കുറിപ്പ് 1 'ഭരണഭാഷ-മാതൃഭാഷ' 2019 ജൂലൈ 29 തിങ്കൾ**

# സി.ബി.എല്ലിന്റെ തുടക്കം; അച്ചടക്കവും സ്പോട്സ്മാൻ സ്പിരിറ്റും അനിവാര്യം -ജില്ല കളക്ടർ

ആലപ്പുഴ: ഇത്തവണത്തെ നെഹ്റുട്രോഫി വള്ളംകളി ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ തുടക്കവേദി എന്നതുകൊണ്ടുതന്നെ വള്ളങ്ങളും തുഴച്ചിൽക്കാരും രാജ്യാന്തര നിലവാരത്തിലുള്ള ചിട്ടയും സ്പോർട്സ്മാൻ സ്പിരിറ്റും നിലനിർത്തണമെന്ന് ജില്ല കളക്ടർ ഡോ. അദീല അബ്ദുള്ള. ഓഗസ്റ്റ് 10ന് പുന്നമടക്കായലിൽ നടക്കുന്ന 67-ാംമത് നെഹ്റുട്രോഫി വള്ളംകളിയുടെ ക്യാപ്റ്റൻസ് മീറ്റ് വൈ.എം.സി.എ ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു കളക്ടർ. മത്സരത്തിൽ പങ്കെടുക്കുന്ന വള്ളങ്ങളിലെ ടീം അംഗങ്ങൾ പാലിക്കേണ്ട നിബന്ധനകളും അച്ചടക്ക സമതിയുടെ അധികാരങ്ങളും ചടങ്ങിൽ വിശദികരിച്ചു. സബ് കളക്ടർ വി.ആർ.കൃഷ്ണതേജ അധ്യക്ഷത വഹിച്ച ചടങ്ങിൽ മുൻ എം.എൽ.എമാരായ കെ.കെ.ഷാജു, സി.കെ.സദാശിവൻ, ഇൻഫ്രസ്ട്രക്ച്ചർ കമ്മറ്റി ചെയർമാൻ കെ.പി.ഹരൻബാബു, അഡ്വ.ജോയ്ക്കുട്ടി ജോസ്, എസ്.എം. ഇക്ബാൽ, അഷറഫ്, വിവിധ ക്ലബുകളുടെ ക്യാപ്റ്റൻമാർ എന്നിവർ പങ്കെടുത്തു.

പങ്കെടുക്കുന്ന വള്ളങ്ങളിലെ ടീം അംഗങ്ങൾ പാലിക്കേണ്ട നിബന്ധനകളും ഡിസിപ്ലിനറി കമ്മറ്റിയുടെ അധികാരങ്ങളും ചുവടെ:

നെഹ്റുട്രോഫി ജലമേളയിൽ ആദ്യസ്ഥാനക്കാരാകുന്ന 9 ചുണ്ടൻ വള്ളങ്ങളെ മാത്രമേ ചാമ്പ്യൻസ് ബോട്ട്സ് ലീഗിലെ മത്സരങ്ങളിൽ പങ്കെടുപ്പിക്കുകയുള്ളൂ.
നെഹ്റു ട്രോഫിമുതൽ. കൊല്ലം പ്രസിഡന്റ് ട്രോഫി വരെ വിവിധ ജില്ലകളിലായി സംഘടിപ്പിക്കുന്ന 12 മത്സരങ്ങളാണ് ചാമ്പ്യൻസ് ബോട്ട് ലീഗിൽ ഉണ്ടാകുന്നത്. അച്ചടക്ക രാഹിത്യം ഒരു കാരണവശാലും അനുവദിക്കുന്നതല്ല. മത്സരങ്ങളിൽ പങ്കെടുക്കുന്ന ചുണ്ടൻ വള്ളങ്ങളും ചെറുവള്ളങ്ങളും, വനിതാ വളങ്ങളുംപരിശീലനം നടത്തുന്നത് 7 ദിവസത്തിൽ കുറയാൻ പാടില്ല. 7 ദിവസത്തിൽ കുറവ്മാത്രമേ പരിശീലനം

നടത്തിയിട്ടുള്ളു എന്ന റിപ്പോർട്ട് കിട്ടിയാൽ ബോണസിൽ മൂന്നിൽ ഒന്ന് കുറവുവരുത്തുന്നതാണ്. വള്ളങ്ങൾ പരിശീലനം നടത്തുന്ന ദിവസങ്ങൾ റേസ് കമ്മറ്റി പരിശോധിക്കുന്നതാണ്.

ചുണ്ടൻവള്ളങ്ങളിൽ 75 തുഴക്കാരിൽ കുറയുവാനും 95 തുഴക്കാരിൽ കൂടുതലാകുവാനും പാടില്ല. എ ഗ്രേഡ് വെപ്പ് ഓടി 45 മുതൽ 60 തുഴക്കാർ വരെ, ബി ഗ്രേഡ് വെപ്പ് ഓടി 25 മുതൽ 35 വരെ തുഴക്കാർ, ചുരുളൻ 25 മുതൽ 35 വരെ തുഴക്കാർ, ഇരുട്ടുകുത്തി രണ്ടാംതരം, 'ബി' വിഭാഗത്തിൽ 25 മുതൽ 35 വരെ തുഴക്കാർ, (തെക്കനോടി 30 ൽ കുറയാത്ത തുഴക്കാർ എന്നിങ്ങനെ കയറേണ്ടതാണ്. ഈ തുഴക്കാർക്ക് പുറമേ നിലക്കാരും,പങ്കായക്കാരും ഉണ്ടായിരിക്കേണ്ടതുമാണ്. വള്ളംകളിയിൽ പങ്കെടുക്കുന്ന തുഴച്ചിൽകാർക്ക് 18 വയസ് പൂർത്തിയായിരിക്കേണ്ടതാണ്.മത്സര വള്ളങ്ങളിൽ പ്രായപൂർത്തിയാകാത്ത കുട്ടികൾ, മനോദൗർബല്യം ഉള്ളവർ, മദ്യം,മയക്കുമരുന്ന് തുടങ്ങിയ ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നവരെ നിർബന്ധമായും ഒഴിവാക്കേണ്ടതാണ്. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന വള്ളങ്ങളെ അയോഗ്യരാക്കുകയും ബോണസ് നൽകുകയും ചെയ്യുന്നതല്ല. അശ്ലീലപദർശനവും,അച്ചടക്ക ലംഘനവും നടത്തുന്നവർക്ക് 5 വർഷത്തെ വിലക്ക് ഏർപ്പെടുത്തുന്നതായിരിക്കും. ചുണ്ടൻ വള്ളത്തിൽ ഇതര സംസ്ഥാനക്കാർ ആകെ തുഴച്ചിൽക്കാരുടെ 25% ത്തിൽ കൂടുതലാകാൻ പാടില്ല. ഇതിന് വിരുദ്ധമായി തുഴയുന്നതുകണ്ടാൽ ആ വള്ളത്തിനെ അയോഗ്യരാക്കുന്നതാണ്.. മത്സര ദിവസം വള്ളങ്ങളിൽ പ്രദർശിപ്പിക്കുവാൻ കമ്മറ്റി തരുന്ന നമ്പരും നെയിംബോർഡും (പോൺസർഷിപ്പ് നീളം കൂട്ടി തറയ്ക്കുകയോ, മാറ്റിവയ്ക്കുകയോ ചെയ്യുവാൻ പാടില്ല. മാർ ദിവസം 2 മണിയ്ക്ക് മുൻപായി എല്ലാ ചുണ്ടൻ വള്ളങ്ങളും അനുവദനീയമായ യൂണിഫോം ധാരികളായ തുഴക്കാരോടൊപ്പം കുരിശടിക്ക് മുൻവശത്തായി ജലഘോഷയാത്രക്കായി അണിനിരക്കണം. ഇതിൽ യഥാസമയം പങ്കെടുക്കാത്തവരുടെ ബോണസിൽ 60% കുറവ് വരുത്തുന്നതാണ്.

മത്സരങ്ങളിൽ പങ്കെടുക്കുന്ന ചുണ്ടൻ വള്ളങ്ങൾ ഘോഷയാത്രയിലും തുടർന്ന് നടക്കുന്ന മാസ്ഡ്രില്ലിലും പങ്കെടുക്കേണ്ടതാണ്.. മത്സരദിവസം മത്സരം കഴിയുന്നത് വരെ എല്ലാ സമയത്തും യൂണിഫോമായ,കെയില്ലാത്ത ബനിയനും നെഹ്രോഹി ബോട്ട് റേസ് സൊസൈറ്റി കൺവീനർ നൽകുന്ന ഐഡന്റിറ്റി കാർഡും ധരിക്കേണ്ടതാണ്, യുണിഫോമും ഐഡന്റിറ്റി കാർഡും ധരിക്കാത്ത ചുണ്ടൻ വള്ളങ്ങളെ മത്സരത്തിൽ പങ്കെടുപ്പിക്കുന്നതല്ല.

.

## ഇത്തവണയും നിശ്ചല സ്റ്റാർട്ടിംഗ്

സ്റ്റാർട്ടിംഗ് പോയിന്റിൽ സ്റ്റാർട്ടർമാർ വളങ്ങൾ വിളിക്കുന്ന മുറയ്ക്ക് കൃത്യമായി അവരവരുടെ ട്രാക്കിലുള്ള സ്റ്റാർട്ടിംഗ് ചേമ്പറിൽ കയറി നിശ്ചലമായി കിടക്കേണ്ടതും, സ്റ്റാർട്ടിംഗ് സംവിധാനത്തോട് സഹകരിക്കേണ്ടതും സ്റ്റാർട്ടർമാരുടെ നിർദ്ദേശങ്ങൾ പൂർണ്ണമായും അനുസരിക്കേണ്ടതുമാണ്. അപ്രകാരം സഹകരിക്കാത്ത വള്ളത്തെ അയോഗ്യരാക്കുന്നതാണ്. മൂന്നുതവണ തുല്യതയ്ക്കായി അറിയിപ്പ് നൽകുകയും, മൂന്നാമത്തെ അറിയിപ്പ് ലഭിച്ചാലുടൻ സ്റ്റാർട്ടിംഗ് ഡിവൈസിന്റെ ഷട്ടറുകൾ ഒരേസമയം താഴുകയും വള്ളങ്ങൾ മുന്നോട്ട് എടുക്കുകയും ചെയ്യേണ്ടതാണ് സ്റ്റാർട്ടറുടെ അറിയിപ്പ്

ലഭിക്കാതെ മുന്നോട്ടെടുക്കുന്ന വള്ളങ്ങളെ ഒരു പ്രാവശ്യം മുന്നറിയിപ്പ് നൽകുകയും പിന്നീട് ആവർത്തിക്കുന്ന അവസരത്തിൽ തന്നെ അയോഗ്യരാക്കുന്നതാണ്. സ്റ്റാർട്ടിംഗ് സംവിധാനം നിയന്ത്രണവിധേയവും കുറ്റമറ്റതുമായിരിക്കും. ഏതെങ്കിലും കാരണവശാൽ യന്ത്രതകരാറുകൾ, സംഭവിച്ചാൽ തുല്യനീതി ഉറപ്പാക്കി സ്റ്റാർട്ടർക്ക് നിയമം നടപ്പിലാക്കാവുന്നതാണ്.സ്റ്റാർട്ടിംഗ് ഡിവൈസിനോ പിന്നിൽ ഘടിപ്പിച്ചിരിക്കുന്ന ഡിവൈസിലോ മറ്റ് ഏതെങ്കിലും സജ്ജീകരണങ്ങളിലോ വള്ളം ഇടിച്ചോ അല്ലാതയോ കേടുപാടുകൾ വരുത്തുവാൻ
പാടില്ല.

സ്റ്റാർട്ടിംഗ് സിഗ്നൽ ലഭിച്ചുകഴിഞ്ഞാൽ ആരംഭം മുതൽ അവസാനം വരെ അവരവരുടെ ടാക്കിൽ കൂടി മാത്രം മത്സരിച്ച് ഫിനിഷിംഗ് പോയിന്റിലെ അടയാളം (ആദ്യം കടക്കുന്ന വരുടെ സമയമനുസരിച്ച് വിജയിയെ പ്രഖ്യാപിക്കുന്നതാണ്. (ട്രാക്ക് മാറുകയോ, മത്സരത്തിന് തടസ്സം വരുത്തുന്ന വിധം ഏതെങ്കിലും പ്രവൃത്തികൾ ഉണ്ടാക്കുകയോ, ഫിനിഷിംഗ് അടയാളം കൃത്യസമയത്തിനകം കടക്കാതെ വരുകയോ ചെയ്താൽ ടി വള്ളങ്ങളെ അയോഗ്യരാക്കാൻ കമ്മറ്റിയ്ക്ക് അധികാരമുള്ളതാണ്. അവർക്ക് ബോണസ്സിനും അർഹത ഉണ്ടായിരിക്കുന്നതല്ല. കൂടാതെ ക്യാപ്റ്റന്റേയും, ടീം ക്യാപ്റ്റന്റേയും,ക്ലബിന്റെയും മേൽ നട പടികൾ ഉണ്ടാകുന്നതുമാണ്. മത്സരത്തിൽ പങ്കെടുക്കുന്ന വള്ളങ്ങൾ ഫിനിഷ് ചെയ്താൽ ട്രാക്കിൽ കൂടി തിരിച്ചുപോകാൻ പാടില്ല. ഡോക് ചിറയ്ക്കും നെഹ്പവലിയനും ഇടയ്ക്കുള്ള പുറം കായലിൽ കൂടി മാത്രമേ സ്റ്റാർട്ടിംഗ് പോയന്റിലേക്ക് തിരിച്ചു പോകാവു.വിജയിക്കുന്ന വള്ളങ്ങളുടെ ക്യാപ്റ്റൻമാർ മാത്രം ഐഡന്റിറ്റി കാർഡ് പ്രദർശിപ്പിച്ച് പവലിയനിൽ കയറുകയും ട്രോഫികൾ ഏറ്റുവാങ്ങു കയും ചെയ്യേണ്ടതാണ്.ഓരോ ഹീറ്റ്സിലും മത്സരം കഴിഞ്ഞാൽ കളിവള്ളങ്ങൾ നിർബന്ധമായും ഫിനിഷിംഗ് പോയിന്റിൽനിന്നു മാറ്റി പുറം കായലിൽ നിലയുറപ്പിക്കേണ്ടതാണ്. ഈ നിബന്ധനയ്ക്ക് എതിരായി ട്രാക്കിന്റെ പടിഞ്ഞാറെ സൈഡിൽ വി.ഐ.പി.പവിലിയന് മുൻവശത്തോ ട്രാക്കിന് കിഴക്കേ സൈഡിൽ ഐലന്റ് പവിലിയന് മുൻവശത്താ ട്രാക്കിലോ ഏതെങ്കിലും കളിവള്ളം പാർക്ക് ചെയ്താൽ പ്രസ്തുത വള്ളത്തിന്റെ ബോണസിൽ കുറഞ്ഞത് 50 ശതമാനം കുറവു വരുത്തുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുന്നതാണ്. വനിതാ വള്ളങ്ങളിൽ പരമാവധി 5 പുരുഷന്മാർ മാത്രമേ പാടുള്ളു, അവർ തുഴയാൻ മാത്രം പാടില്ല. വനിതകൾ തുഴയുന്ന വളം 6 മിനിറ്റിൽ കൂടുതൽ ഫിനിഷ് ചെയ്യാൻ സമയമെടുത്താൽ അതിന് ബോണസ് നൽകുകയില്ല.

## സി.ബി.എൽ മത്സരങ്ങൾ നാലു മുതൽ അഞ്ചുവരെ

ചെറുവള്ളങ്ങളുടെ പ്രാഥമിക മത്സരങ്ങൾ നാവിലെ കൃത്യം 11 മണിക്ക് ആരംഭിയ്ക്കുന്നതും. 12.30 ന് അവസാനിക്കുന്നതുമാണ്. ചുണ്ടൻ വള്ളങ്ങളുടെ ഹീറ്റ്സിനു ശേഷം ചെറുവള്ളങ്ങളുടെ ഫൈനൽ മത്സരം ആരംഭിക്കുന്നതാണ്. സി.ബി.എൽ പ്രക്ഷേപണം നാലു മുതൽ അഞ്ചു മണിവരെയായിരിക്കും.സ്റ്റാർട്ടിങ്ങിന് ഇത്തവണയും കുറ്റമറ്റരീതിയിൽ കഴിഞ്ഞ തവണ പ്രവർത്തിപ്പിച്ച മാഗ്നറ്റിക് സംവിധാനം നിശ്ചല സ്റ്റാർട്ടിങ്ങിന് ഉപയോഗിക്കും. ഫോട്ടോ ഫിനിഷിങ് സമ്പ്രദായവും തുടരും. ഉച്ചയ്ക്ക് കൃത്യം 2.00 മണിയ്ക്ക് ക്രമത്തിൽ എല്ലാ കളിവള്ളങ്ങളും അണി നിരക്കണം.

## ചുണ്ടൻ വള്ളങ്ങൾ അണിനിരക്കേണ്ട ക്രമം

ജലഘോഷയാത്രയ്ക്കായി കൃത്യം 2.00 മണിക്ക് കായൽ കുരിശടിക്ക് മുൻവശമായി വള്ളങ്ങൾ അണിനിരക്കണം. ഘോഷയാത്രയ്ക്ക് വേണ്ടി അണിനിരക്കുമ്പോൾ കിഴക്കുവശത്തു
ള്ള ഔട്ടർ ട്രാക്കുകൾ പൂർണ്ണമായും ഒഴിവാക്കിയിടേണ്ടതാണ്. ഘോഷയാത്ര കൃത്യം 2.00-ന് ആരംഭിക്കും. പ്രൊസെഷൻ പൈലറ്റിനെ റേസ് കമ്മറ്റി തീരുമാനിയ്ക്കുന്നതാണ്. എല്ലാ ചുണ്ടൻ വള്ളങ്ങളും അണിനിരന്ന ശേഷം ക്യാപ്റ്റന്മാരെ മുഖ്യാതിഥിക്ക് പരിചയപ്പെടുത്തുന്നതും അതേ തുടർന്ന് എല്ലാ കളിക്കാരെയും പ്രതിനിധീകരിച്ച് കഴിഞ്ഞ കൊല്ലം വിജയിച്ച ചുണ്ടന്റെ ക്യാപ്റ്റൻ സത്യപ്രതിജ്ഞ ചെയ്യിക്കുന്നതുമാണ്. അതിന് ശേഷം എല്ലാ ടീം അംഗങ്ങളും താഴെപറയും വിധം മാസ്സ്ഡില്ലിൽ പങ്കെടുക്കേണ്ടതാണ്.
ഈ നിർദ്ദേശങ്ങൾ ലംഘിക്കുന്ന വള്ളങ്ങളെ അച്ചടക്ക ലംഘനമായി കണക്കാക്കി അവരെ കേരള ബോട്ട്സ് ലീഗിൽ പങ്കെടുപ്പിക്കാതിരിക്കുവാനുള്ള അധികാരം ഡിസിപ്ലിനറി കമ്മറ്റിയിൽ നിക്ഷിപ്തമാണ്. മേൽപ്പടി വിലക്ക് അടുത്ത 2 വർഷകാലത്തേക്ക് കുടി നിലനിൽക്കുന്നതുമാണ്.

# നെഹ്റുട്രോഫി സാഹിത്യ രചനാമത്സരങ്ങൾ ഓഗസ്റ്റ് രണ്ടിന്

ആലപ്പുഴ: നെഹ്റുട്രോഫി ജലോത്സവത്തിന്റെ ഭാഗമായി സ്മരണിക കമ്മറ്റി സംഘടിപ്പിക്കുന്ന സാഹിത്യ രചനാമത്സരങ്ങൾ ഓഗസ്റ്റ് രണ്ടിന് രാവിലെ 10ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കും. കോളജ്, ഹയർ സെക്കൻഡറി, ഹൈസ്കൂൾ വിദ്യാർഥികൾക്കായാണ് മത്സരം. മലയാളം കഥ, കവിത, ഉപന്യാസം എന്നീ ഇനങ്ങളിലാണ് മത്സരം. മത്സര ദിവസം രാവിലെ വരെ രജിസ്ട്രേഷൻ അനുവദിക്കും. ജില്ല കളക്ടർ ഡോ.അദീല അബ്ദുള്ള ഉദ്ഘാടനം നിർവഹിക്കും. ഫോൺ: 9995822215.

# നെഹ്റുട്രോഫി ജലോത്സവം: സ്മരണികയിലേക്ക് രചനകൾ ക്ഷണിച്ചു

ആലപ്പുഴ: നെഹ്റുട്രോഫി ജലോത്സവത്തിന്റെ ഭാഗമായി പ്രസിദ്ധീകരിക്കുന്ന സ്മരണികയിലേക്ക് രചനകൾ ക്ഷണിച്ചു. മലയാളം/ഇംഗ്ലീഷ്, കഥ, കവിത, ലേഖനങ്ങൾ എന്നീ രചനകളാണ് ക്ഷണിക്കുന്നത്. രചനകൾ രചിയിതാവിന്റെ ഫോട്ടോയും വിശദാംശങ്ങളും അടക്കം കളക്ടറേറ്റിലെ എ.ഡി.എം.ഓഫീസിൽ എത്തിക്കുകയോ പ്രിന്റ് രചനകൾ ntbrsouvenir@gmail.com എന്ന മെയിൽ വിലാസത്തിൽ അയയ്ക്കുകയോ ചെയ്യാവുന്നതാണെന്ന് കൺവീനർ ഐ.അബ്ദുൾസലാം അറിയിച്ചു. ഫോൺ: 9995822215.

# ഭാഗ്യചിഹ്ന പ്രകാശനം ഇന്ന്

ആലപ്പുഴ: 67മത് നെഹ്റുട്രോഫി ജലോത്സവത്തിന്റെ ഭാഗ്യചിഹ്നപ്രകാശനം ഇന്ന് (ജൂലൈ 30) രാവിലെ 11 മണിക്ക് കളക്ട്രേറ്റ് കോൺഫ്രൻസ് ഹാളിൽ നടക്കും. സിനിമതാരം ആൽഫി പഞ്ഞിക്കാരൻ ജില്ലാകളക്ടർ ഡോ.അദീല അബ്ദുള്ളയ്ക്ക് ഭാഗ്യചിഹ്നം കൈമാറി പ്രകാശനം നിർവഹിക്കും. സബ്കളക്ടർ വി.ആർ.കൃഷ്ണതേജ,

ഇൻഫ്രാസ്ട്രക്ചർ കമ്മറ്റി കൺവീനർ കെ.പി.ഹരൻബാബു, പബ്ലിസിറ്റികമ്മറ്റിയംഗങ്ങൾ, വിവിധ സബ്കമ്മറ്റി കൺവീനർമാർ എന്നിവർ പങ്കെടുക്കും.

# അവശത പെൻഷൻ ലഭിക്കുന്നവർ അക്ഷയകേന്ദ്രത്തിൽ മസ്റ്ററിങ് നടത്തണം

ആലപ്പുഴ: ജില്ലയിലെ കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാപദ്ധതി, കൈത്തൊഴിലാളി വിദഗ്ദതൊഴിലാളി, കേരള ഗാർഹിക, അലക്ക്, ബാർബർ തൊഴിലാളി ക്ഷേമപദ്ധതികളിൽ നിന്നും വിരമിച്ച/ അവശത പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നവർ ഓഗസ്റ്റ് 20നകം ആധാർകാർഡ്, ബാങ്ക് അക്കൗണ്ട് രേഖകളുമായി അക്ഷയകേന്ദ്രത്തിൽ എത്തി മസ്റ്ററിങ് നടത്തണം.നിലവിൽ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുള്ളവർക്കും ഇത് ബാധകമാണ്. ഫോൺ:0477-2241455 ,0471-2464240.

# ക്വട്ടേഷൻ ക്ഷണിച്ചു

ആലപ്പുഴ: ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളജ് ആശുപത്രിയിലെ ആവശ്യത്തിനായി ഫുട്ട് പാഡിൽ ബിൻസ് (ഹെവി) യെലോ കളർ-30 എണ്ണം, എയർ പ്ലസ് ഒ2 ബ്ലൻഡർ-നാലെണ്ണം, ഫുട്ട് പാഡിൽ ബിൻ (ഹെവി) റെഡ് കളർ-30 എണ്ണം എന്നിവ വാങ്ങുന്നതിനുള്ള ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ ഓഗസ്റ്റ് അഞ്ചിന് ഉച്ചകഴിഞ്ഞ് മൂന്നിനകം സൂപ്രണ്ട്, മെഡിക്കൽ കോളജ് ആശുപത്രി, വണ്ടാനം, ആലപ്പുഴ എന്ന വിലാസത്തിൽ ലഭിക്കണം.

ആലപ്പുഴ: ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളജ് ആശുപത്രിയിലെ ആവശ്യത്തിനായി ഗുഡ്സ് ട്രോളി- രണ്ടെണ്ണം, ലിഡ് ഏപ്രൺ വിത്ത് തൈറോയിഡ് ഷിൽഡ് -ഒരെണ്ണം എന്നിവ വാങ്ങുന്നതിനുള്ള ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ ഓഗസ്റ്റ് ഏഴിന് ഉച്ചകഴിഞ്ഞ് മൂന്നിനകം സൂപ്രണ്ട്, മെഡിക്കൽ കോളജ് ആശുപത്രി, വണ്ടാനം, ആലപ്പുഴ എന്ന വിലാസത്തിൽ ലഭിക്കണം.

# ക്വട്ടേഷൻ ക്ഷണിച്ചു

ആലപ്പുഴ: ഗവ. മെഡിക്കൽ കോളജിലെ പൾമണറി മെഡിസിൽ വിഭാഗത്തിലേക്ക് ബ്രോങ്കോസ്കോപ്പി ബയോപ്സി ഫോർസെപ്സ്-20 എണ്ണം വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. പ്രിൻസിപ്പൽ, ഗവ. ടി.ഡി. മെഡിക്കൽ കോളജ്, ആലപ്പുഴ-688 005 എന്ന വിലാസത്തിൽ ഓഗസ്റ്റ് 12 വരെ ക്വട്ടേഷൻ നൽകാം.ഫോൺ: 0477-2282015.

# സ്റ്റേറ്റ് വഖഫ് ബോർഡ്: കുടിശിക തീർക്കണം

ആലപ്പുഴ: സ്റ്റേറ്റ് വഖഫ് ബോർഡിന്റെ മുത്തവല്ലിമാരുടെ പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിന്റെ മുത്തവല്ലിമാരുടെ വോട്ടേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിന്

കോട്ടയം, ആലപ്പുഴ, ഇടുക്കി ജില്ലകളിലെ ഒരു ലക്ഷവും അതിൽ കൂടുതലും വരുമാനമുള്ള വഖ്ഫുകൾ 2017-18 വർഷത്തെ ബോർഡ് വിഹിത കുടിശിക ബോർഡിന്റെ കോട്ടയം ഡിവിഷണൽ ഓഫീസിൽ അടച്ചു തീർക്കണം. ഇന്ന് (ജൂലൈ 30) നകം കുടിശിക തീർക്കുന്ന വഖ്ഫുകളെ വോട്ടേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തുകയുള്ളു. കുടിശിക അടച്ചു തീർക്കുന്ന വഖ്ഫുകളെ പ്രതിനിധീകരിച്ച് വോട്ടവകാശം ലഭിക്കേണ്ട മുത്തവല്ലിയുടെ പേര്, വഖ്ഫിലെ സ്ഥാനം, വിലാസം എന്നിവ ഓഗസ്റ്റ് അഞ്ചിനകം കോട്ടയം ഡിവിഷണൽ ഓഫീസിൽ നൽകണം.

# സംസ്ഥാനതല കർഷക ദിനാഘോഷം സ്വാഗത സംഘം രൂപികരിച്ചു

ആലപ്പുഴ : കേരള സർക്കാരും കൃഷി വകുപ്പിന്റെയും നേതൃത്വത്തിൽ സംസ്ഥാന തല കർഷക ദിനാഘോഷത്തിന്റെ ഭാഗമായി സ്വാഗത സംഘം രൂപവത്കരിച്ചു. അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടന്ന സംഘാടക സമിതി രൂപീകരണ യോഗത്തിൽ ജില്ല പഞ്ചായത്ത് പ്രസിഡന്റ് ജി വേണുഗോപാൽ അധ്യക്ഷത വഹിച്ചു. ഓഗസ്റ്റ് 14 മുതൽ 16 വരെ ആലപ്പുഴ റ്റി ഡി മെഡിക്കൽ കോളേജ് ഓഡിറ്റോറിയത്തിൽ വെച്ചാണ് സംസ്ഥാന തല കർഷക ദിനാഘോഷം. പ്രിൻസിപ്പാൾ അഗ്രികൾച്ചർ ഓഫീസർ ലത ജി പണിക്കർ, അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ എം ജുനൈദ്, പുന്നപ്ര വടക്ക് പഞ്ചായത്ത് പ്രസിഡന്റ് സുവർണ പ്രതാപൻ, പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല എം എൽ എ യുടെ പ്രതിനിധി ജോൺ തോമസ് വിവിധ കാർഷിക സമിതി ചെയർമാൻമാർ എന്നിവർ സംസാരിച്ചു. സംഘാടക സമിതി ഭാരവാഹികളായി കൃഷി വകുപ്പ് മന്ത്രി പി സുനിൽ കുമാർ, ഭക്ഷ്യ സിവിൽ സപ്ലൈ വകുപ്പ് മന്ത്രി പി തിലോത്തമൻ, ധനകാര്യ വകുപ്പ് മന്ത്രി തോമസ് ഐസക്, പൊതുമരാമത്തു വകുപ്പ് മന്ത്രി ജി സുധാകരൻ, ആലപ്പുഴ എം പി എ എം ആരിഫ്, മാവേലിക്കര എം പി കൊടിക്കുന്നിൽ സുരേഷ് (മുഖ്യ രക്ഷാധികാരികൾ ), ജില്ല പഞ്ചായത്ത് പ്രസിഡന്റ് ജി വേണുഗോപാൽ (ചെയർമാൻ ), ജില്ല കളക്ടർ ഡോ അദീല അബ്ദുല്ല, ജില്ലയിലെ മറ്റു എം എൽ എമാർ (രക്ഷാധികാരികൾ ) എന്നിവരെ തിരഞ്ഞെടുത്തു. ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി 13 സബ് കമ്മറ്റികളും രൂപീകരിച്ചിട്ടുണ്ട്.

# നെതർലാൻഡ് അംബാസിഡറുടെ നേതൃത്വത്തിലുള്ള സംഘം കുട്ടനാട് സന്ദർശിച്ചു

ആലപ്പുഴ:ഇന്ത്യയിലെ നെതർലാൻഡ് അംബാസിഡർ മാർട്ടെൻ വാൻ ഡെൻ ബർഗിന്റെ നേതൃത്വത്തിലുള്ള അഞ്ചംഗം സംഘം ജലവിഭവ വകുപ്പിന്റെ കുട്ടനാട് പദ്ധതി പ്രദേശങ്ങൾ സന്ദർശിച്ചു. ജില്ലാ കളക്ടർ ഡോ.അദീല അബ്ദുള്ള, ജലവിഭവ വകുപ്പിൻരെ കുട്ടനാട് പ്രോജക്ട് ചീഫ് എൻജിനിയർ എസ്.സുരേഷ്കുമാർ, വിവിധ വകുപ്പുതല ഉദ്യോഗസ്ഥർ എന്നിവർ സംഘത്തോടൊപ്പമുണ്ടായിരുന്നു. ജില്ലാ കളക്ടർ സംഘവുമായി പ്രളയാന്തര പുനർനിർമാണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ചചെയ്തു. പ്രളയാന്തര പുനർനിർമാണത്തിനുള്ള ധനസമാഹരണം, സാങ്കേതിക വിദ്യയുടെ കൈമാറ്റം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേരത്തെ കേരള

മുഖ്യമന്ത്രി പിണറായി വിജയൻ നെതർലാൻഡിലെത്തി ചർച്ച നടത്തിയിരുന്നു. ഇതിന്റെ ഭാഗമായി ഡച്ച് ദുരന്ത ലഘൂകരണ സംഘം കുട്ടനാട്ടിലെത്തി മൂന്നാഴ്ചയെടുത്ത് പഠനം പൂർത്തിയാക്കി സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. കുട്ടനാടിന്റെ പ്രത്യേക പരിസ്ഥിതിയുമായി ബന്ധപ്പെട്ട് സാങ്കേതിക-സാമ്പത്തിക സഹായം കേരളം തേടിയിട്ടുണ്ട്. ഒക്ടോബറിൽ നെതർലാൻഡ് രാജാവ് കേരളം സന്ദർശിക്കാനുള്ള സാധ്യതയുമുണ്ട്. ഇതിന് മുന്നോടിയായാണ് അംബാസിഡറുടെ നേതൃത്വത്തിലുള്ള സംഘം എത്തിയത്. ഇന്ന് (ജൂലൈ 30) നെതർലാൻഡ് അംബാസിഡറുടെ നേതൃത്വത്തിലുള്ള സംഘം തിരുവനന്തപുരത്തെത്തി മുഖ്യമന്ത്രി പിണറായി വിജയൻ, ജലവിഭാവവകുപ്പുമന്ത്രി , ഉന്നത ഉദ്യോഗസ്ഥർ എന്നിവരുമായി ചർച്ച നടത്തുന്നുണ്ട്.

**(ചിത്രമുണ്ട്)**